**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80** **06-02-2023 - ൽ മറുപടിയ്ക്ക്**

**സമുദ്രോല്പന്ന കയറ്റുമതിയിൽ വന്ന കുറവ് പരിഹരിക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ</td><td colspan="2">ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ആഗോള സാമ്പത്തിക, വാണിജ്യ മേഖലകളിലെ തകർച്ച കാരണം ഇന്ത്യയുടെ സമുദ്രോല്പന്ന കയറ്റുമതിയിലുണ്ടായിട്ടുള്ള ഇടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(എ)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 2021-22-നെ അപേക്ഷിച്ച് 2.75% വർദ്ധനവ് ആണ് കയറ്റുമതി മൂല്യത്തിൽ കാണുന്നത്. പട്ടിക ചുവടെ ചേർക്കുന്നു.
<table>
<tr><td>2021-22 ഏപ്രിൽ മുതൽ ഡിസംബർ വരെ</td><td>2022-23ഏപ്രിൽ മുതൽ ഡിസംബർ വരെ</td><td>വളർച്ച (ശതമാനത്തിൽ)</td></tr>
<tr><td>6109.52<br>(മില്യൺ യു.എസ്. ഡോളർ )</td><td>6277.71<br>(മില്യൺ യു.എസ്. ഡോളർ )</td><td>2.75</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഇന്ത്യയുടെ സമുദ്രോല്പന്ന കയറ്റുമതിയിലുണ്ടായിട്ടുള്ള ഇടിവ് കേരളത്തിന്റെ മത്സ്യബന്ധന മേഖലയെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2021-22 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതിയിലും കയറ്റുമതി മൂല്യത്തിലും വർദ്ധനവ് ആണ് ഉണ്ടായിട്ടുള്ളത്. എന്നാൽ യൂണിറ്റ് വാല്യൂ റിയലൈസേഷൻ പരിഗണിക്കുമ്പോൾ ഡിസംബർ 2022 വരെയുള്ള കാലയളവിൽ ഡിസംബർ 2021 വരെയുള്ള കാലയളവിനേക്കാൾ നേരിയ കുറവ് കാണുന്നുണ്ട്. വിദേശത്ത് നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ ഓർഡറിൽ ഉണ്ടായ കുറവായിരിക്കാം ഇതിനു കാരണം എന്ന് കണക്കാക്കുന്നു. എങ്കിലും 2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കയറ്റുമതിയുടെ അളവിലും മൂല്യത്തിലും വർദ്ധനവ് തന്നെയാണുള്ളത്. ഈ വർഷം കേരളത്തിൽ മത്സ്യബന്ധനത്തിലൂടെ ലഭിച്ച മത്സ്യത്തിന്റെ അളവ് കൂടുതലായിരുന്നുവെങ്കിലും കയറ്റുമതിയിലൂടെ വലിയ തോതിലുള്ള നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ചൈനയിലേക്കുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത് ചെറുകിട മത്സ്യസംസ്കരണ ശാലകളെയും മത്സ്യത്തൊഴിലാളി മേഖലയെയും നേരിയ തോതിലെങ്കിലും ബാധിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ഇന്ത്യയുടെ ആകെ സമുദ്രോല്പന്ന കയറ്റുമതിയുടെ ഒൻപത് ശതമാനം കൈകാര്യം ചെയ്യുന്ന കേരളത്തിന്</td><td>(സി)</td><td>കേരളത്തിനും പുതിയ ഓർഡറുകളുടെ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ട്. ഇത് മത്സ്യോല്പന്ന കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്നവരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് ചെറുകിട മത്സ്യ സംഭരണ ശാലകളെ ബാധിച്ചിട്ടുണ്ട്.</td></tr>
</table>

പുതിയ ഓർഡറുകൾ ലഭിക്കുന്നതിന് ഇതുമൂലം കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ഇത് ചെറുകിട മത്സ്യ സംസ്കരണശാലകളെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ സമുദ്രോല്പന്നങ്ങളുടെ പ്രധാന ഉപഭോക്താക്കളായ ചൈന, യു.എസ്. എന്നീ രാജ്യങ്ങളിലേക്കുള്ള കയറ്റുമതിയിൽ വന്ന കുറവ് പരിഹരിക്കുന്നതിനായി പുതിയ വിപണി കണ്ടെത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ഡി) മുൻ വർഷത്തെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ചൈനയിലേക്കുള്ള കയറ്റുമതി മൂല്യത്തിൽ 26% വർദ്ധനവും യു.എസ്. ലേക്കുള്ള കയറ്റുമതി മൂല്യത്തിൽ 22% കുറവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പട്ടിക താഴെ ചേർക്കുന്നു.

| രാജ്യം | മൂല്യം (മില്യൺ യു.എസ്. ഡോളറിൽ) | | വളർച്ച (%) |
|---|---|---|---|
| | 2021-22 ഏപ്രിൽ മുതൽ ഡിസംബർ വരെ | 2022-23 ഏപ്രിൽ മുതൽ ഡിസംബർ വരെ (പ്രൊവിഷണൽ) | |
| ചൈന | 903 | 1141 | 26 |
| യു.എസ്.എ | 2691 | 2080 | -22 |

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംഘവും നടത്തിയ യൂറോപ്പ് സന്ദർശനത്തെ തുടർന്ന് സമുദ്രോല്പന്ന കയറ്റുമതിയിൽ മുൻപന്തിയിലുള്ള നോർവേ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള വിവിധ മാർഗ്ഗങ്ങളെ കുറിച്ച് പഠിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് പ്രസ്തുത രാജ്യങ്ങളിലെ വിദഗ്ധരായ ഉദ്യോഗസ്ഥരെ കേരളത്തിലേക്ക് ക്ഷണിക്കുകയും വിവിധ ഘട്ടങ്ങളിലായി വിശദമായ ചർച്ചകൾ നടത്തുകയുമുണ്ടായി. ഇതേ തുടർന്ന് നോർവേ മാതൃകയിൽ ഒരു സീഫുഡ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 2023-24 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (MPEDA) വിവിധ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ